# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 436 — 19.03.2013 ൽ മറുപടിക്ക്

**റെയിൽവേ ബഡ്ജറ്റിൽ കേരളത്തിനു നൽകിയ പരിഗണന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ:<br>" എം. ചന്ദ്രൻ:<br>" എ. പ്രദീപ് കുമാർ:<br>" സാജു പോൾ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) 2013-14 ലെ റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിനു പുതുതായി എത്ര ട്രെയിനുകൾ അനുവദിച്ചു; റെയിൽവേ ഇലക്ട്രിഫിക്കേഷൻ, പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈൻ സർവ്വേ തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായെന്നു വിശദമാക്കുമോ; | (എ). 2013–14 റയിൽ ബഡ്ജറ്റിൽ താഴെപ്പറയുന്ന ട്രെയിനുകളാണ് അനുവദിച്ചത്.<br>i. ലോകമാന്യതിലക് -കൊച്ചുവേളി എക്സ്പ്രസ് (ദ്വൈവാരം);<br>ii. വിശാഖപട്ടണം - കൊല്ലം വീക്ക്ലി എക്സ്പ്രസ്;<br>iii. പുനലൂർ - കൊല്ലം പ്രതിദിന പാസഞ്ചർ;<br>iv. ഷൊർണൂർ – കോഴിക്കോട് പ്രതിദിന പാസഞ്ചർ;<br>v. തൃശ്ശൂർ – ഗുരുവായൂർ പ്രതിദിന പാസഞ്ചർ;<br>vi. മധുര – കൊല്ലം പാസഞ്ചർ പുനലൂർ വരെയായി നീട്ടും;<br>vii. എറണാകുളം – തൃശ്ശൂർ മെമു പാലക്കാട് വരെയായി നീട്ടും;<br>viii. കൊല്ലം – നാഗർഗോവിൽ മെമു കന്യാകുമാരി വരെ നീട്ടും;<br>ix. കൊച്ചുവേളി - ചണ്ടീഗഢ് എക്സ്പ്രസ് ദ്വൈവാരമാക്കി.<br><br>കൂടാതെ, പാലക്കാട് കോച്ച് ഫാക്ടറി, കൊല്ലത്ത് സ്കിൽ ഡവലപ്മെന്റ് സെന്റർ, ഷൊർണൂർ - മംഗലാപുരം 3-ാം പാതയുടെ ഇരട്ടിപ്പിക്കൽ, 2012-13 ൽ ഇടമൺ - പുനലൂർ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കും, ഷൊർണൂർ - എലത്തൂർ വൈദ്യുതീകരണം 2012-13 ൽ പൂർത്തിയാക്കും, ചെങ്ങന്നൂർ - തിരുവല്ല , മുളന്തുരുത്തി-പിറവം, പിറവം റോഡ് - കുറുപ്പന്തറ എന്നീ ഭാഗങ്ങളിലെ റെയിൽ പാതയുടെ ഇരട്ടിപ്പിക്കൽ 2013-14 ൽ പൂർത്തിയാക്കും. തുടങ്ങിയവയാണ് 2013-14 ലെ മറ്റ് പ്രഖ്യാപനങ്ങൾ. 2013-14 ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷം കേന്ദ്ര റയിൽവേ വകുപ്പ് മന്ത്രി കേരളത്തിലെ റയിൽവേ വികസനം സംബന്ധിച്ച് കൂടുതലായി പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ റയിൽവേയിൽ നിന്നും ശേഖരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി എത്ര തുകയാണു വകയിരുത്തിയത്; കഴിഞ്ഞ 5 ബഡ്ജറ്റുകളിൽ ഓരോന്നിലും അനുവദിച്ച തുക എത്രയായിരുന്നുവെന്നു വ്യക്തമാക്കുമോ; | | കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധം-1 ആയി വച്ചിരിക്കുന്നു. 2013-14 ൽ അനുവദിച്ച തുക അനുബന്ധം 2 ൽ വച്ചിരിക്കുന്നു. |
| (സി) | പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, തിരുവനന്തപുരം റെയിൽവേ മെഡിക്കൽ കോളേജ് തുടങ്ങി കേരളത്തിനു മുൻ ബഡ്ജറ്റുകളിൽ അനുവദിച്ച വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇത്തവണ ബഡ്ജറ്റിൽ എന്തെല്ലാം പരാമർശങ്ങളാണു നടത്തിയിട്ടുള്ളത്; | (സി) | 2013-14 ലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ പാലക്കാട് കോച്ച് ഫാക്ടറിയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ ബഡ്ജറ്റ് പ്രഖ്യാപനത്തിനു ശേഷം കേരളത്തിലെ റയിൽ വികസനത്തിന് കേന്ദ്ര റയിൽ ധനമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ റയിൽവേയിൽ നിന്നു ശേഖരിച്ചുവരുന്നു. |
| (ഡി) | പാർലമെന്റംഗങ്ങളുടെയും മുഖ്യമന്ത്രി യുടെയും നേതൃത്വത്തിലുള്ള നിവേദകസംഘങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ ചർച്ചയുടെ വിശദാംശം വ്യക്തമാക്കുമോ; | (ഡി) | 2013-14 ലെ റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിനായി ആവശ്യമുള്ള കാര്യങ്ങൾ കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാരും എം.പി.മാരുമായി ആലോചിച്ച് സമാഹൃതനിവേദനം തയ്യാറാക്കി 2013-14 ലെ റയിൽ ബഡ്ജറ്റിനു മുൻപായി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നല്കിയിരുന്നു. |
| (ഇ) | ഇതിന്റെ ഫലമായി ബഡ്ജറ്റ് അവതരണത്തിനുശേഷം എന്തെല്ലാം നേട്ടങ്ങളുണ്ടായെന്നു വിശദമാക്കുമോ? | (ഇ) | 2013 -14 ലെ റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങളാണ് കേരളത്തിനായി പ്രഖ്യാപിച്ചിട്ടുള്ളത്:<br>i. പാലക്കാട് കോച്ച് ഫാക്ടറി;<br>ii. കൊല്ലത്ത് റയിൽവേ സ്കിൽ ഡവലപ്മെന്റ് സെന്റർ;<br>iii. ഷൊർണ്ണൂർ -മംഗലാപുരം 3-ാം പാതയുടെ ഇരട്ടിപ്പിക്കൽ;<br>iv. ലോകമാന്യതിലക് - കൊച്ചുവേളി എക്സ്പ്രസ്(ദ്വൈവാരം) ;<br>v. വിശാഖപട്ടണം -കൊല്ലം വീക്ക്‌ലി എക്സ്പ്രസ്;<br>vi. പുനലൂർ-കൊല്ലം പ്രതിദിന പാസഞ്ചർ;<br>vii. ഷൊർണ്ണൂർ - കോഴിക്കോട് പ്രതിദിന പാസഞ്ചർ;<br>viii. തൃശ്ശൂർ - ഗുരുവായൂർ പ്രതിദിന പാസഞ്ചർ ;<br>ix. മധുര കൊല്ലം പാസഞ്ചർ പുനലൂർ വരെയായി നീട്ടും;<br>x. എറണാകുളം തൃശ്ശൂർ മെമു പാലക്കാട് വരെയായി നീട്ടും;<br>xi. കൊല്ലം നാഗർകോവിൽ മെമു കന്യാകുമാരി വരെ നീട്ടും;<br>xii. കൊച്ചുവേളി ചണ്ഡീഗഢ് എക്സ്പ്രസ് ദ്വൈവാരമാക്കി; |

| | | | |
|---|---|---|---|
| | | | xiii. 2012-13 ൽ ഇടമൺ - പുനലൂർ പാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കും;<br>xiv. ഷൊർണ്ണൂർ - ഏലത്തൂർ വൈദ്യുതീകരണം 2012-13 ൽ പൂർത്തിയാക്കും;<br>xv. ചെങ്ങന്നൂർ - തിരുവല്ല, മുളന്തുരുത്തി-പിറവം, പിറവം റോഡ് – കുറുപ്പന്തറ എന്നീ ഭാഗങ്ങളിലെ റെയിൽ പാതയുടെ ഇരട്ടിപ്പിക്കൽ 2013-14 ൽ പൂർത്തിയാക്കും. |

സെക്ഷൻ ഓഫീസർ

അനുബന്ധം – 1

| Plan Head | Year-wise budget allocation | | | | |
|---|---|---|---|---|---|
| | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
| **New Lines** | | | | | |
| Guruvayur-Tanur/Kuttipuram/Tirunavaya | 10 | 25.74 | 25 | 6.5 | 10 |
| Angamali-Sabarimala | 15 | 15 | 25 | 83 | 15 |
| **Gauge Conversion** | | | | | |
| Quilon-Tirunelveli | 92 | 70 | 65 | 75 | 52 |
| **Doubling** | | | | | |
| Mulanthuruthi-Kuruppanthara | 30 | 15 | 20 | 50 | 32 |
| Kuruppanthara-Chingavanam | 10 | 15 | 20 | 1 | 25 |
| Chengannur-Chingavanam | 20 | 26 | 15 | 50 | 82 |
| Haripad-Ambalapuzha | 5 | 10 | 10 | 10 | 15 |
| Ernakulam-Mulanthuruthi | 2 | 1 | 5 | 18.63 | 5 |
| Kankanadi-Panambur | 2 | 15 | 6 | 40 | 30 |
| Ernakulam-Kumbalam | | | 4 | 25 | |
| Kumbalam-Thuravur | | | | 1 | 18 |

അനുബന്ധം - 2

Budget Grant 2013-14 for major plans heads are as follows:-

| | | |
|---|---|---|
| New Lines | - | 12.00 Cr. |
| Gauge Conversion | - | 20.00 Cr. |
| Doubling | - | 82.5 Cr. |
| ROBs/RUBs | - | 20.56 Cr. |